E-122/29/2021

വിവരാവകാശനിയമം 2005 പ്രകാരമുള്ള അപേക്ഷ

സലികുമാർ
വാഴാറ്റ് വീട്,
ഇടിക്കര,
തലപ്പുഴ പി ഒ
വയനാട് -670644

10रु. कोर्ट फी COURT FEE Rs.10 भारत INDIA दस रुपये TEN RUPEES

സംസ്ഥാന വിവരാവകാശ ഓഫീസർ
സാമൂഹ്യനീതി (ഡി) വകുപ്പ്
സെക്രട്ടറിയേറ്റ്, തിരുവനന്തപുരം

OFFICE OF THE DIRECTOR OF SOCIAL JUSTICE
11 OCT 2021
TRIVANDRUM

Forwarded to E section
12/10/21

സർ,

വിഷയം : വിവരാവകാശ നിയമം 2005 – വിവരങ്ങൾ ആവശ്യപ്പെടുന്നത് സംബന്ധിച്ച്.

വിവരാവകാശ നിയമ പ്രകാരം അങ്ങയുടെ വകുപ്പുമായി ബന്ധപ്പെട്ട ചുവടേ പറയുന്ന രേഖകൾ ലഭ്യമാക്കണമെന്ന് അപേക്ഷിക്കുന്നു.

1. 21.10.2019ലെ ജി.ഒ(പി)നം.10/2019/sjd നമ്പർ പ്രകാരം സർക്കാർ പുറപ്പെടുവിച്ച എക്സിക്യൂട്ടീവ് ഉത്തരവിൽ സാമൂഹ്യനീതി വകുപ്പിലെ ജില്ലാ സാമൂഹ്യനീതി ഓഫീസർ പ്രോമോഷൻ തസ്തികയിലേക്ക് പ്രോബേഷൻ ഓഫീസർ ഗ്രേഡ്–1, സീനിയർ സൂപ്രണ്ട്, ക്ഷേമ സ്ഥാപന സൂപ്രണ്ട് എന്നീ വിഭാഗങ്ങൾക്ക് നിശ്ചയിച്ച പ്രോമോഷൻ അനുപാതം നിശ്ചയിക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ എന്ന വിവരം ലഭ്യമാക്കാമോ

F F2

2. ചർച്ച നടത്തിയിരുന്നെങ്കിൽ എത് തീയതിയിൽ നടന്ന ചർച്ചയിലാണ് മേൽപറഞ്ഞ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം ജില്ല ഓഫീസർ തസ്തികയിലേക്കുള്ള പ്രോമോഷൻ അനുപാതം നിശ്ചയിക്കാൻ തീരുമാനിച്ചത്. ആയതിന്റെ മിനിട്ട്സ് ലഭ്യമാക്കാമോ

12/10/21

3.മേൽ പരാമർശിച്ച ഉത്തരവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള അനുപാതം നിശ്ചയിച്ചതിനെതിരെ ആരെങ്കിലും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ ആരെല്ലാം, കേസ് നമ്പർ എന്നിവ ലഭ്യമാക്കാമോ

4. മേൽ പരാമർശിച്ച ഉത്തരവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള അനുപാതം നിശ്ചയിച്ചത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ട്രിബ്യൂണൽ ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നോ. ഇടക്കാല ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ.

5. മേൽ പരാമർശിച്ച ഉത്തരവിൽ ജില്ലാ സാമൂഹ്യനീതി ഓഫീസർ തസ്തികയിലേക്കുള്ള അനുപാതം നിശ്ചയിച്ചത് സംബന്ധിച്ച് കേസ് ഫയൽ ചെയ്തിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് ട്രിബ്യൂണലിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ.

6. സാമൂഹ്യനീതി വകുപ്പിലെ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ. ഉണ്ടെങ്കിൽ ടി ഫയലിന്റെ നോട്ട് ഫയലിന്റേയും കറസ്പോണ്ടൻസ് ഫയലിന്റേയും മുഴുവൻ പകർപ്പും ലഭ്യമാക്കാമോ.

സലികുമാർ
9946614257